വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കലണ്ടർ വർഷമനുസരിച്ചു് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ൧൯൫൧, ൧൯൫൦ സാമ്പത്തിക വർഷത്തിൽ ൫൩, ൦൨, ൨ ൭൩ രൂപാ ചിലവാക്കിയിട്ടുണ്ടു്.

(ബി) ഏകദേശം ൨൯, ൦ ൦ ൦ ടൺ അരി കൂടുതൽ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നു കരുതുന്നു.

ശ്രീ. വി. കെ. വല്ലീസു്: ഈ ചിലവിനത്തിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലേക്കു് എത്ര തുക ചിലവായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: ഉല്പാദനത്തിന്റെ കണക്കു് ശേഖരിച്ച വഴി എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഫുഡ് കൺട്രോൾ കമ്മിറ്റി

* ൭൭൫. (൭൫൪) ശ്രീ. വി. കെ വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫുഡ് കൺട്രോൾ കമ്മിറ്റി ഓരോ താലൂക്കിലും നിയമിച്ചിരിക്കുന്നതു എന്തിനായിട്ടാണു്;

(ബി) അവരുടെ കൃത്യങ്ങൾ എന്തെല്ലാമാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി) ഭക്ഷ്യസംഭരണം വിതരണം ഇവ സംബന്ധിച്ചുള്ള കാര്യാദികളെപ്പറ്റി അതാതു സ്ഥലത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് വേണ്ട ഉപദേശം നൽകുന്നതിനു്.

ശ്രീ. വി. കെ. വല്ലീസു്: ഉപദേശം നല്കാൻ മാത്രമേയുള്ളോ അവർക്കു് അധികാരം?

ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരവാദിത്വമുള്ള അന്യോദ്യോഗസ്ഥന്മാർ നൽകുന്ന ഉപദേശം ചില അവസരങ്ങളിൽ ശാസനാത്മകവും പ്രാപിക്കുന്നതാണു്.

കുപ്പക്കൃഷി

* ൭൭൬. (൭൫൭) ശ്രീ. വി. കെ. വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു് എത്ര ഏക്കർ സ്ഥലത്തു കുപ്പക്കൃഷി ഒരു വർഷം ചെയ്യുന്നുണ്ടു്;

(ബി) ഒരേക്കർ സ്ഥലം കുപ്പക്കൃഷിക്കു് ശരാശരി എത്ര ചിലവുവരും;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷണത്തിനു് ഒരു വർഷം എത്ര കുപ്പ ചിലവാകുന്നു;

(ഡി) ഒരു വർഷത്തിൽ എത്രമാത്രം കുപ്പ സംസ്ഥാനത്തിൽ ഉല്പാദിക്കപ്പെടുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ ഒരു കണ്ടി കപ്പക്ക് വില എന്തു?

വിദ്യാഭ്യാസവും, ജ്ഞാപനവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടിനു് ശരിയായ സ്ഥിതിവിവരക്കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) ശരാശരി ഏ൦൦ ടൺ.

(സി) ഏ൭,൪൦,൦൦൦ ടൺ. ഇവിടെയുണ്ടാകുന്ന കപ്പ ഇവിടെത്തന്നെ ചെലവായിവരികയാണു്.

(ഡി) ഏകദേശം പതിനേഴ് ലക്ഷത്തിഅൻപതിനായിരം ടൺ. ഏക്കറിനു് ശരാശരി മൂന്നര ടൺ.

(ഇ) ടണ്ണിനു് നൂറു രൂപ.

ശ്രീ. വി. കെ. വല്ലീസ്: എത്രമാത്രം സ്ഥലം കപ്പകൃഷിക്കു് ഉപയോഗിക്കുന്നുണ്ടെന്നറിയാതെ ഇത്ര ടൺ കപ്പ ഉണ്ടായി എന്നു കണക്കാക്കിയതെങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഏകദേശം കണക്കാക്കിയിരിക്കുകയാണു്.

ശ്രീ. വി. കെ. വല്ലീസ്: പ്രൊഡക്ഷൻ ഇത്രയാണെന്നു് കണക്കാക്കിയപ്പോൾ കൃഷി ചെയ്യുന്ന സ്ഥലം എത്രയാണെന്നറിയാൻ പാടില്ലാത്തതു എന്തുകൊണ്ടാണു്?

Mr. Speaker: The question has already been answered. No arguments leading to a discussion can be allowed.

ശ്രീ. എ. താണുപിള്ള: എത്ര ഏക്കർ സ്ഥലത്തു കപ്പക്കൃഷിയുണ്ടെന്നറിവില്ലാതിരിക്കെ, ഇത്ര ടൺ കപ്പ ഉല്പാദിപ്പിക്കുന്നു എന്നു എങ്ങനെ കണക്കാക്കി?

Mr. Speaker: That question was answered. The rest is a matter of argument.

ശ്രീ. എ. താണുപിള്ള: ഏതടിസ്ഥാനത്തിലാണു ഈ കണക്കു പറഞ്ഞിട്ടുള്ളതു?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: അതു ചമ്മന്നൂരംകൊണ്ടാണു്. (ചിരി)

ശ്രീ. എ. താണുപിള്ള: എത്ര ഏക്കർ സ്ഥലം ഈ കപ്പക്കൃഷിക്കു ഉപയോഗിക്കുന്നുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ എന്നു ചോദിക്കുകയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കണക്കാക്കിയിരിക്കുന്നതു് ഏക്കറിന്റെ അടിസ്ഥാനത്തിൽ തന്നെയാണു്. അതിന്റെ സൂക്ഷ്മമായ വിവരങ്ങൾ ശേഖരിച്ചു വരികയാണു്. ഏകദേശം അഞ്ചു ലക്ഷത്തിനും ഒരു ലക്ഷത്തിനും ഇടയ്ക്കുള്ള സ്ഥലമാണു കൃഷി ചെയ്തിരിക്കുന്നതു്. അതു അസ്സർടെയിൻ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. വി. കെ. വല്ലീസ്: കപ്പ കയറ്റി അയയ്ക്കുന്നതിനു ഇപ്പോൾ നിരോധനം നിലവിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. വി. കെ. വല്ലീസ്: അങ്ങനെ നിരോധിച്ചിരിക്കുന്നതു എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു സബ്സ്റ്റിറ്റ്യൂട്ട് ഫുഡ്സായതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. വല്ലീസ്: ഇവിടെ ആവശ്യമുള്ളതിൽ കൂടുതൽ കപ്പ ഇവിടെ കൂമ്പിചെയ്യുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി: കെ. നാരായണപിള്ള: ഇവിടെയുണ്ടാകുന്നതായ കപ്പ ഇവിടെയുള്ള ആളുകൾതന്നെ ഉപയോഗിച്ചു വരികയാണ്.

ശ്രീ. ഇ. പി. പൗലോസ്: കയറ്റുമതി അനുവദിക്കുകയാണെങ്കിൽ കൂടുതൽ കപ്പ ഉല്പാദിപ്പിക്കുമെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മധുര, കോയമ്പത്തൂർ മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ കപ്പകൊണ്ടുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അവിടങ്ങളിൽ പോയിട്ടുള്ളവർക്കേ അറിഞ്ഞുകൂടൂ. ഗവൺമെണ്ടിനു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. പൗലോസ്: ഈ നിരോധനം നീക്കുന്നതിനു് ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തല്ക്കാലം ആലോചിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനിയിൽനിന്നും അരി ഉണ്ടാക്കുന്നതു് ഒരു വ്യവസായമായിട്ടു് ഇവിടെ നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു വ്യവസായമായി നടപ്പിൽ വരുത്താനാണു് ഗവൺമെണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ അതു് എത്തെല്ലാം സ്ഥലങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ തിരുവനന്തപുരത്തുമാത്രം നടപ്പിലാക്കിയിട്ടുണ്ടു്.

മത്സ്യവ്യവസായികൾക്കു് തടി

* ൭ ൭൭. (൧൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) മീൻപിടിത്തത്തിനായുള്ള വള്ളങ്ങൾ ഉണ്ടാക്കുന്നതിനു് സൗജന്യനിരക്കിൽ തടി കൊടുക്കുന്നതു് സംബന്ധിച്ചു വ്യവസ്ഥകൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നു് ഗവൺമെണ്ടു് പരിശോധിക്കാറുണ്ടോ;

(ബി) ൧—൪—൫൯ @ ൦–നു് ശേഷം സൗജന്യനിരക്കിൽ തടി വാങ്ങി പണികഴിപ്പിച്ചിട്ടുള്ള എത്ര വള്ളങ്ങൾ ഇപ്പോൾ പരവൂരിലുണ്ടു്;

(സി) പരവൂരുകാരുടെ അപേക്ഷകളനുസരിച്ചു് കിട്ടുന്ന തടികൊണ്ടു് മറ്റു് സ്ഥലനിവാസികൾക്കായുള്ള വള്ളങ്ങളാണു് നിർമ്മിക്കപ്പെടുന്നതെന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ൧—൪—൫൯ @ ൦–നു് ശേഷം പരവൂരിൽനിന്നും ൨ @ വള്ളങ്ങൾക്കുള്ള അപേക്ഷ അനുവദിച്ചിട്ടുള്ളതനുസരിച്ചു് വള്ളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടു്. അതിനുശേഷം പണി തീർന്നു് ഇതേവരെ കൊണ്ടുവന്നിട്ടില്ല.

(സി) മറ്റുസ്ഥലങ്ങളിലേക്കും പരവൂരിൽ വള്ളങ്ങൾ നിർമ്മിച്ചു് അപേക്ഷകന്മാർക്കു് കൊടുക്കുന്നുണ്ടു്. അപേക്ഷയനുസരിച്ചു് കിട്ടുന്ന തടി അതാതു് അപേക്ഷകന്മാർക്കുതന്നെയാണു് കൊടുത്തുവരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly